പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2022 10.10.2011 - ൽ മറുപടിക്ക്

**പേരാമ്പ്ര താലൂക്കാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| | |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| എ) | പേരാമ്പ്ര സർക്കാർ താലൂക്ക് ആശുപത്രിയിലെ ഡോക്ടർ മാരുടെയും നഴ്സമാരുടെയും അനുബന്ധ ജീവനക്കാരുടെയും എണ്ണം എത്രയെന്ന് വെളിപ്പെടുത്താമോ; | എ) | ഡോക്ടർ - 8<br>നേഴ്സ് - 9<br>അനുബന്ധ ജീവനക്കാർ - 52<br>ആകെ - 69 |
| ബി) | താലൂക്ക് ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ എത്രയെന്നും സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാർ ആശുപത്രിയിൽ ജോലി ചെയ്യുന്നുണ്ടോ എന്നും വെളിപ്പെടുത്തുമോ ; | ബി) | താലൂക്ക് ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ ഓരോ ആശുപത്രിയിലേയും കിടക്കകളുടെ എണ്ണം അനുസരിച്ചാണ് ക്രമീകരിച്ചിട്ടുള്ളത്. അപ്രകാരമുള്ള സ്റ്റാഫ് പാറ്റേണിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| സി) | താലൂക്ക് ആശുപത്രിയായി ഉയർത്തിയ പേരാമ്പ്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട് ; | സി) | ഡോക്ടർ, സ്റ്റാഫ് നേഴ്സ് തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. |
| ഡി) | ജീവനക്കാർ ആവശ്യത്തിന് ഇല്ലാത്തതു കാരണം പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | ഡി) & ഇ) | ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ഇ) | എങ്കിൽ ഇതു പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ